**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2567 | 9.7.2015 -ൽ മറുപടിക്ക്

# സ്മാർട്ട് വില്ലേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സ്മാർട്ട് വില്ലേജ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ)യും (ബി)യും ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും, മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് |

ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുകയും ചെയ്തു.

പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും, മേൽ തുക വിനിയോഗിച്ചു കൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വില്ലേജുകളുടെ നവീകരണം കണ്ണൂർ ജില്ലയിലൊഴികെ പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നവീകരണ പ്രവർത്തനം ഏകദേശം 90% പൂർത്തിയായിട്ടുണ്ട്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തി ട്ടുള്ളതുമാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ 10 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നും ഒരെണ്ണം എം.എൽ.എ ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ചുകൊണ്ട് അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്ത നങ്ങൾ നടന്നു വരുന്നത്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട് തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരെഞ്ഞെടുത്തി ട്ടുള്ളതാണ്. പ്രസ്തുത വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് 2.56 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ